

ഡോ. എൻ.ഗോപകുമാർ
MS,MCh (Urology),FEBU,FRCS(Glas)
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

സ്ത്രീകളിലെ മൂത്രനിയന്ത്രണമില്ലായ്മ

ഡോക്ടർ, എനിക്ക് 40 വയസ്സുണ്ട്. രണ്ടു കുട്ടികളുടെ അമ്മയാണ്. രണ്ടും സാധാരണ പ്രസവമായിരുന്നു. മൂന്നു വർഷത്തിലേറെയായി എനിക്ക് ചുമയ്ക്കുമ്പോഴും പടികൾ കയറുമ്പോഴും ഭാരമുയർത്തുമ്പോഴും മൂത്രം അറിയാതെ പോകുന്നു. ഈ പ്രശ്നം നാൾ കഴിയുന്തോറും കൂടുതലായി വരികയാണ്. ഇതുമൂലം വസ്ത്രങ്ങൾ നനയുകയും മൂത്രത്തിന്റെ ഗന്ധം ചുറ്റും ഉള്ളവർക്ക് അസഹ്യത ഉണ്ടാക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തിന് എന്തു ചികിത്സയാണ് ഉള്ളത്?

സജിനി ദിവാകരൻ, ആലപ്പുഴ

നിങ്ങളുടെ ചോദ്യത്തിൽനിന്ന് ഇത് സ്ട്രസ് യൂറിനറി ഇൻകോണ്ടിനൻസ് ആണെന്നാണു മനസ്സിലാക്കുന്നത്.

ഈ രോഗാവസ്ഥയിൽ ചുമ, തുമ്മൽ, ഭാരം ഉയർത്തൽ, വ്യായാമം, ശരീരം തിരിയുക മുതലായ കാര്യങ്ങളിൽ മൂത്രം നിയന്ത്രണമില്ലാതെ പോകുന്നു. യൂറോ ഡയ്നാമിക്സ് എന്ന പരിശോധനയിൽ മൂത്രനാളിയുടെ ലീക് പോയ്ന്റ് 60 സെമീ താഴെയോ മൂത്രനാളിയുടെ ക്ലോഷർ 20സെമീ താഴെയോ ആയിരിക്കും.

ഈ രോഗാവസ്ഥ വിശദമായ രോഗചരിത്രം, രോഗിയുടെ പരിശോധന മുതലായവ വഴി കൃത്യമായി നിർണയിക്കാം. നാഡീവ്യവസ്ഥയുടെ രോഗങ്ങൾ, മൂത്രത്തിൽ രക്തം, പഴുപ്പ് മുതലായവയുടെ സാന്നിധ്യം, മൂത്രം പെട്ടെന്നു പോകാനുള്ള തോന്നൽ, മൂത്രം മൊത്തം ഒഴിഞ്ഞുപോകാതെ ഇരിക്കുക, അടിവയറ്റിലെ അവയവങ്ങളായ മൂത്രസഞ്ചി, ഗർഭാശയം, മലാശയം മുതലായവ യോനിവഴി താഴേക്കു തള്ളിനിൽക്കുന്ന അവസ്ഥ, മൂത്രം തടസ്സത്തോടെ പോകുന്നത് തുടങ്ങിയ ലക്ഷണങ്ങൾ രോഗിക്ക് ഉണ്ടെങ്കിൽ കൂടുതൽ വിശദമായ പരിശോധനകൾ ആവശ്യമായി വരും.

ഇത്തരം രോഗികളിൽ നേരത്തേ ഈ പ്രശ്നസംബന്ധമായി ശസ്ത്രക്രിയകൾ ചെയ്തിട്ടുണ്ടെങ്കിലോ അവയവങ്ങൾ യോനി വഴി തള്ളിവരുന്ന പ്രൊലാപ്സ് അവസ്ഥയ്ക്ക് ശസ്ത്രക്രിയകൾ ചെയ്തിട്ടുണ്ടെങ്കിലോ കൂടുതൽ പരിശോധനകൾ ആവശ്യമായി വരും.

രോഗിയുടെ മൂത്രം, രക്തം പരിശോധന, വയറിന്റെ അൾട്രാസൗണ്ട് സ്കാൻ മുതലായവചെയ്യണം. ചെറിയതോതിലുള്ള ഇത്തരം മൂത്ര നിയന്ത്രണമില്ലായ്മയ്ക്ക് - മൂത്രനാളി പ്ലഗ്, യോനിയിൽ വയ്ക്കുന്ന പെസ്സറികൾ, പെൽവിക് ഫ്ലോർ വ്യായാമങ്ങൾ മുതലായവകൊണ്ട് ആശ്വാസം കിട്ടും. രോഗാവസ്ഥ കൂടിയ അവസ്ഥയാണെങ്കിൽ മിസ്യൂറിത്രൽ സ്ലിങ് സർജറി - (ടി.വി.ടി.വഴി) രോഗമുക്തി നേടാം. ഒരു യൂറോളജിസ്റ്റിനെ കണ്ട് കൃത്യമായ രോഗനിർണയം നടത്തുന്നതാണ് ചികിത്സയ്ക്കു മുൻപേ ചെയ്യേണ്ട പരമപ്രധാനമായ കാര്യം. ■

വെളുത്തു മെലിഞ്ഞ ഒരു സ്ത്രീ. തോളറ്റമുള്ള മുടി അവിടവിടെ കളർ ചെയ്തിട്ടുണ്ട്. പ്രായം മുപ്പത്തിൽ താഴെയാകാനാണു സാധ്യത. പരിഭ്രാന്തിയോടെ ഓടിക്കിതച്ചുവന്ന അവർ ഓടിവന്ന് കുട്ടിയെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി.

''എന്റെ മോനേ...''

അവനും അമ്മയെ കെട്ടിപ്പിടിച്ചെങ്കിലും ആ പ്രായത്തിലുള്ള ഒരു കുഞ്ഞിന് അമ്മയോടുള്ള സ്നേഹത്തിന്റെ ഊഷ്മളത സീമയ്ക്ക് അവിടെ കാണാൻ കഴിഞ്ഞില്ല.

എസ്ഐ അമ്മയോട് കാര്യങ്ങൾ തിരക്കി. അനീഷ എന്നാണു പേര്. വീട്ടമ്മയാണ്. ഭർത്താവ് ബിപിൻ ദുബായിലാണ്. അഭയ് ഏക മകനാണ്. സ്കൂളിൽനിന്നു മൂന്നു കിലോമീറ്റർ അകലെയാണു വീട്. വീട്ടിൽ അമ്മയും കുഞ്ഞും ഒറ്റയ്ക്കാണു താമസം.

''കുട്ടിയെ കൂട്ടിക്കൊണ്ടുപോകാൻ ലേറ്റ് ആകാനെന്താ കാരണം?'' എസ്ഐ, അനീഷയോടു ചോദിച്ചു.

''അത്... അത്... വൈകിപ്പോയി.'' അനീഷ വിക്കി വിക്കി പറഞ്ഞു.

''അതു തന്നെയാ ചോദിച്ചത്, എന്താ വൈകിയതെന്ന്?'' അനീഷയുടെ പരുങ്ങൽ മനസ്സിലായ എസ്ഐയുടെ ശബ്ദം പരുഷമായി.

''ഇറങ്ങാൻ കുറച്ചു വൈകി. പ്രതീക്ഷിക്കാത്ത ചില തിരക്കുകൾ...'' അനീഷ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

എസ്ഐ അവരെ വിശ്വാസമില്ലാത്തതുപോലെ ഒന്നു മൂളുക മാത്രം ചെയ്തു.

●●●●●●●

സീമയുടെ ഫോണിലേക്ക് തുരുതുരാ കോളുകൾ വന്നുകൊണ്ടിരുന്നു.

എസ്ടി പബ്ലിക് സ്കൂളിലെ പ്രിൻസിപ്പൽ, പിടിഎ പ്രസിഡന്റ്, സ്കൂൾ മാനേജർ, പിന്നെ അറിയാത്ത ഏതൊക്കെയോ നമ്പറുകൾ... സ്കൂൾ അധികൃതരോട് കാര്യം പറയാൻ ഡ്രൈവറെ ഏൽപിച്ച ശേഷം സീമ ഫോൺ സൈലന്റാക്കി. കുറച്ചു മണിക്കൂറുകൾകൊണ്ട് എന്തൊക്കെ സംഭവിച്ചു എന്ന് ഓർക്കുമ്പോൾ തല പെരുക്കുന്നു. കുട്ടിയെ രക്ഷിക്കാൻ കഴിഞ്ഞു എന്നതാണ് സമാധാനം.

സീമ സ്റ്റേഷന്റെ ഭിത്തിയിൽ ഫ്രെയിം ചെയ്തുവച്ച ഗാന്ധിജിയുടെ ഫോട്ടോ നോക്കി ഓരോന്ന് ആലോചിച്ചിരുന്നു. ശേഷം ഫോണെടുത്ത് അനിരുദ്ധിനെ ഡയൽ ചെയ്തു.

എസ്പി വഴി അനിരുദ്ധ് കാര്യങ്ങളെല്ലാം അറിഞ്ഞിരുന്നു. സീമയുടെ ഫോണിലേക്ക് രണ്ടു മൂന്നു തവണ വിളിക്കുകയും ചെയ്തു. റെസ്പോൺസ് ഉണ്ടായിരുന്നില്ല. സീമ ഫോൺ എടുത്ത് ഡയൽ ചെയ്ത് ആദ്യത്തെറിങ്ങിൽത്തന്നെ അനിരുദ്ധ് ഫോണെടുത്തു.

''സീമാട്ടീ, അവർ വെരി ഓൺ സൂപ്പർ ഹീറോ! അങ്ങ് സ്റ്റാറായല്ലോടോ!''

അനിരുദ്ധിന്റെ ശബ്ദത്തിൽ അഭിമാനമുണ്ടായിരുന്നു.

''എനിക്ക് ഒന്നു വീടെത്തിയാൽ മതി അനീ. എന്തൊക്കെയാ സംഭവിച്ചതെന്ന് ഓർക്കാൻ കൂടി വയ്യ.''

സീമ ദീർഘനിശ്വാസമെടുത്തു.

അനിരുദ്ധ് സ്റ്റേഷനിൽ വന്നു പിക്ക് ചെയ്യാൻ തയാറായിരുന്നെങ്കിലും സീമ വേണ്ടെന്നു പറഞ്ഞു. സ്കൂളിൽനിന്നു വിട്ട കാറും ഡ്രൈവറും സ്റ്റേഷനിൽത്തന്നെ ഉണ്ടായിരുന്നു. അതേ കാറിൽ തിരിച്ചുപോകാവുന്നതേയുള്ളൂ എന്ന് സീമയ്ക്കു തോന്നി.

മൊഴിയെടുക്കൽ കഴിഞ്ഞ് പുറത്തിറങ്ങിയ അനീഷയെയും അഭയ്യേയും കണ്ട് യാത്ര പറഞ്ഞശേഷം സീമ പോകാനിറങ്ങി. അഭയ് സീമയെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്താണ് യാത്രയാക്കിയത്. പക്ഷേ, യാത്ര പറയാൻനേരം അനീഷസീമയോടുപറഞ്ഞത് വെറുമൊരു 'താങ്ക്സ്' മാത്രം. അതും വളരെ ഔപചാരികമായ ഒരു നന്ദിപ്രകടനം. സീമയ്ക്ക് എന്തുകൊണ്ടോ അത് വിചിത്രമായിത്തോന്നി. സ്റ്റേഷനു പുറത്തിറങ്ങിയ സീമയെ മാധ്യമപ്രവർത്തകരുടെ ഒരു കൂട്ടം വളഞ്ഞു. സ്റ്റാർ ആയല്ലോ എന്ന് അനിരുദ്ധ് പറഞ്ഞത് വെറുതേയായിരുന്നില്ല എന്ന് അപ്പോഴാണ് സീമയ്ക്കു മനസ്സിലായത്.